**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ബ്ലോക്ക് 22 സർവ്വെ നം. 447/1 ൽപ്പെട്ട 4.5 ആർ സ്ഥലം ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിലനിർത്തി കൊണ്ട് പബ്ലിക്ക് ഹെൽത്ത് ലാബ് നിർമ്മിക്കുന്നതിന് ആരോഗ്യ വകുപ്പിന് വിട്ടു നൽകുന്നതിനുള്ള അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി.) വകുപ്പ്**

സ.ഉ.(സാധാ)നം.1351/2018/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 16.05.2018.

---

പരാമർശം - 1) പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 19.03.2018 ലെ 4-ാം നമ്പർ തീരുമാനം.

2) പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.03.2018 ലെ എ1-9399/17 നമ്പർ കത്ത്

3) പഞ്ചായത്ത് ഡയറക്ടറുടെ 26.04.2018 ലെ സി2-12773/18 നമ്പർ കത്ത്

**ഉത്തരവ്**

പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ബ്ലോക്ക് 22 സർവ്വെ നം. 447/1 ൽപ്പെട്ട 4.5 ആർ സ്ഥലം പബ്ലിക്ക് ഹെൽത്ത് ലാബ് നിർമ്മിക്കുന്നതിന് വിട്ടു നൽകുന്നതിന് പരാമർശം (1) പ്രകാരം പഞ്ചായത്ത് സമിതി തീരുമാനിക്കുകയും ആയതിനുള്ള അനുമതിക്കായി പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള കത്തിനോടൊപ്പം പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി

പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് പുതുപ്പരിയാരം വില്ലേജ് 2-ൽ പാലക്കാട് ഡിസ്ട്രിക്ട് എക് സർവ്വീസ് മാൻ കോ-ഓപ്പറേറ്റീവ് മെറ്റൽ സൊസൈറ്റി ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 44/1 സർവ്വെ നമ്പറിൽപ്പെട്ട 1 ഏക്കർ 8 സെന്റ് സ്ഥലം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്ത് തനത് ഫണ്ട് ഉപയോഗിച്ച് ആർജ്ജിച്ചിട്ടുള്ളതാണ്. പബ്ലിക്ക് ഹെൽത്ത് ലാബ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമാണെന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ബ്ലോക്ക് 22 സർവ്വെ നം. 447/1 ൽപ്പെട്ട 4.5 ആർ സ്ഥലം ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിലനിർത്തി പബ്ലിക്ക് ഹെൽത്ത് ലാബ് നിർമ്മിക്കുന്നതിന് ആരോഗ്യ വകുപ്പിന് വിട്ടു നൽകാൻ പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )
മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ